LIBRARY ARCHIVES Kerala Legislative Assembly

**സ്വർണ്ണ വിൽപ്പനയിലൂടെ ലഭിക്കുന്ന നികുതി**

184(1441) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷത്തിൽ ശരാശരി എത്ര രൂപയുടെ സ്വർണ്ണ വിൽപ്പന സംസ്ഥാനത്ത് നടക്കുന്നുണ്ട് എന്നത് സംബന്ധിച്ച് കണക്കുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്വർണ്ണവില്പനയ്ക്ക് എത്ര ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളത് :

(സി) വിൽക്കപ്പെടുന്ന സ്വർണ്ണത്തിന് ആനുപാതികമായുള്ള നികുതി വരുമാനം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ :

(ഡി) പ്രസ്തുത മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള കോമ്പൗണ്ടിംഗ് വ്യവസ്ഥയുടെ വിശദാംശം നൽകാമോ :

(ഇ) കോമ്പൗണ്ടിംഗ് വ്യവസ്ഥ സ്വീകരിക്കാത്ത സ്വർണ്ണവ്യാപാരികൾ സംസ്ഥാനത്തുണ്ടോ ; എങ്കിൽ ഇവരിൽ നിന്ന് ഏത് രീതിയിലാണ് നികുതി ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) കോമ്പൗണ്ടിംഗ് നികുതിയിൽ നിന്ന് 2010-11 വർഷം പ്രതീക്ഷിച്ച വരുമാനം എത്രയാണ് ; നാളിതുവരെ എത്ര രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്;

(ജി) യഥാർത്ഥ സ്വർണ്ണവില്പനയെ അടിസ്ഥാനമാക്കി നികുതി പിരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

**മലമ്പുഴ ഡാമിൽ നിന്നും മണൽ ശേഖരണം**

185(1442) ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ഡാമിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പദ്ധതിക്കായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നറിയിക്കുമോ;

(ബി) ഇവിടെ നിന്നും എത്രമാത്രം മണൽ ശേഖരിക്കാനായി എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മണൽ ഇപ്പോൾ എന്തു ചെയ്തിരിക്കുകയാണെന്ന് അറിയിക്കുമോ;

(ഡി) ഇത്തരത്തിൽ നീക്കം ചെയ്ത മണൽ വിൽപ്പന നടത്തുവാൻ നടപടി സ്വീകരിച്ചിരുന്നുവോ; എങ്കിൽ ഇതുവരെ എത്ര രൂപയ്ക്ക് വിൽപ്പന നടത്തി;

(ഇ) ഈ മണൽ വില്പനയിലൂടെ എത്ര കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(എഫ്) സാധാരണക്കാരുടെ വീട് നിർമ്മിക്കാനായി പ്രസ്തുത മണൽ ന്യായവിലയ്ക്ക് വിതരണം നടത്താതിരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സെസ്സിന്റെ പഠന റിപ്പോർട്ട് പ്രകാരം മലമ്പുഴ ഡാമിന്റെ കൈവഴിയായ ഒന്നാം പുഴയുടെ സംഗമസ്ഥലത്ത് നിന്നും ഖനന നടപടി ആരംഭിക്കുകയും ഇതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. പക്ഷേ ഒന്നാം പുഴയിലെ റീച്ച് ഒന്നിലും രണ്ടിലും മൂന്ന് മീറ്റർ താഴ്ചയിൽ കുഴിച്ചിട്ടും മണലിന്റെ ലഭ്യത കുറവായതിനാൽ കൊച്ചിതോട്, കല്ലംപുഴ, മായടിപ്പാറ, മൈലാടിപുഴ, എന്നീ സ്ഥലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഖനനം തുടങ്ങുകയും വേണ്ടത്ര തോതിൽ മണൽ ലഭിച്ചു തുടങ്ങിയതിന്റെ അടിസ്ഥാനത്തിൽ ഖനനം തുടരുകയും ചെയ്തു. ഈ സ്ഥലങ്ങളിൽ റോഡ്, ബണ്ട്, ഷെഡുകൾ, സ്റ്റോക്കിംഗ് യാഡ് എന്നീ പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(ബി) മലമ്പുഴ ഡാമിലെ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ നിന്ന് ഒരു ലക്ഷത്തി എഴുപതിനായിരം ഘന അടി മണൽ സംഭരിക്കാൻ കഴിഞ്ഞു.

(സി) സംഭരിച്ച മണലിൽ നിന്നും സർക്കാർ അപ്പോഴപ്പോൾ നിശ്ചയിക്കുന്ന വില പ്രകാരം പൊതുജനങ്ങൾക്കും സർക്കാർ ഏജൻസികൾക്കുമായി 92349 ഘന അടി മണൽ വിതരണം നടത്തി ബാക്കി മണൽ ഡാമിന്റെ അരികിലും കഞ്ചിക്കോടുള്ള ഗ്രാമലക്ഷ്മി മുദ്രാലയം സമീപമുള്ള സ്റ്റോക്ക്യാർഡ് എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നു.

(ഡി) ഇത്തരത്തിൽ നീക്കം ചെയ്തിരുന്ന മണൽ വിൽപ്പന നടത്തുന്നതിന് നടപടി സ്വീകരിച്ചിരുന്നു മലമ്പുഴ ഡാമിൽ നിന്ന് മാത്രമായി 9.14 കോടി രൂപയുടെ മണൽ വിൽപ്പന നടത്തി.

(ഇ) മലമ്പുഴ ഡാമിലെ മണൽ വില്പനയിലൂടെ ഏകദ്ദേശം 100 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(എഫ്) സാധാരണക്കാരുടെ വീട് നിർമ്മിക്കാനായി പ്രസ്തുത മണൽ ന്യായവിലയ്ക്ക് അപേക്ഷ ലഭിക്കുന്ന മുറക്ക് നിർമ്മിതിയാർഡിൽ നിന്നും കൊണ്ടല്ലിൽ നിന്നുമായി വിതരണം നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly